**പതിമൂന്നാം കേരള നിയമസഭ**
**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**നിയമസഭാ ചോദ്യം നമ്പർ : 276** | **04.02.2013-ലെ മറുപടി നൽകേണ്ടിയിരുന്നത്**

# സ്ത്രീപീഡനകേസ്സുകളും വിചാരണയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി.കെ. ബഷീർ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സ്ത്രീ പീഡനങ്ങളും മറ്റും പെരുകുന്ന സാഹചര്യത്തിൽ, ആയത് തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; | : (എ) സ്ത്രീകൾക്കും പെൺകുട്ടികൾക്കു-മെതിരെയുള്ള കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുന്നതിനായി സംശയകരമായ സ്ഥലങ്ങളിലും, സ്ത്രീകളും കുട്ടികളും സ്ഥിരമായി സഞ്ചരിക്കാറുള്ള സ്ഥലങ്ങളിലും, മറ്റ് പൊതു സ്ഥലങ്ങളിലും പോലീസ് പട്രോളിംഗും, വനിതാ പോലീസിന്റെ സാന്നിദ്ധ്യവും ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ ഷാഡോ പോലീസിനെയും ഇത്തരം സ്ഥലങ്ങളിൽ വിന്യസിക്കാറുണ്ട്. സ്ത്രീകൾക്കെതിരെ ട്രെയിനിൽ ഉണ്ടാകുന്ന അതിക്രമങ്ങൾ തടയുന്നതിനായി പോലീസുദ്യോഗസ്ഥരുടെ സേവനം കമ്പാർട്ടുമെന്റിലും, പ്ലാറ്റ്ഫോമിലും ലഭ്യമാക്കി വരുന്നു. കൂടാതെ ആന്റി ഹ്യൂമൻ ട്രാഫിക്കിംഗ് യൂണിറ്റു (AHTU) കളുടെയും, ലോക്കൽ പോലീസിന്റെയും, ജനമൈത്രി സംവിധാന-ത്തിന്റെയും സഹകരണത്തോടെ നിരന്തര റെയ്ഡുകളും, ബോധവൽക്കരണ ക്ലാസ്സുകളും നടത്തി വരുന്നു.<br><br>സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ലൈംഗിക അതിക്രമങ്ങൾ തടയുന്നതിനായി സംസ്ഥാന സർക്കാർ 'നിർഭയ' എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ട്. 21.12.2012-ലെ സർക്കാർ ഉത്തരവ് (കയ്യെഴുത്ത്) നമ്പർ:328/12/ആഭ്യന്തരം നമ്പർ ഉത്തരവ് പ്രകാരം സ്ത്രീകൾക്കും, പെൺകുട്ടികൾക്കും എതിരെയുള്ള പെൺവാണിഭം, ബലാൽസംഗം മുതലായ കുറ്റകൃത്യങ്ങളിൽ കേസന്വേഷണവും അനന്തര നടപടികളും കൂടുതൽ ത്വരിതഗതിയിലും |

(മറുപുറം)

ഫലപ്രദവുമാക്കാൻ എ.ഡി.ജി.പി. ഡോ.ബി.സന്ധ്യ ഐ.പി.എസ്.-ന്റെ നേതൃത്വത്തിൽ ഒരു വനിതാ ഇൻവെസ്റ്റിഗേഷൻ ടീം (Women Investigation Team - WIT) രൂപീകരിച്ചിട്ടുണ്ട്.

(ബി) സ്ത്രീപീഡനക്കേസ്സുകൾ വിചാരണ ചെയ്യുന്നതിന് മാത്രമായി എല്ലാ ജില്ലകളിലും പ്രത്യേക കോടതി സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

: (ബി) സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച കേസുകൾ സർക്കാർ ഗൗരവത്തോടെ കാണുന്നു. ഇത്തരം കേസുകളുടെ ബാഹുല്യം കണക്കിലെടുത്ത് തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ അതിവേഗ കോടതികൾ മുൻഗണനാ അടിസ്ഥാനത്തിൽ സ്ഥാപിക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ബഹു.മുഖ്യമന്ത്രി ബഹു. ചീഫ് ജസ്റ്റിസിനോടഭ്യർത്ഥിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ എറണാകുളത്ത് ഒരു അഡീഷണൽ ഡിസ്ട്രിക്ട് & സെഷൻസ് കോടതി സ്ഥാപിക്കാൻ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ:13/2013/ആഭ്യന്തരം തീയതി 18.01.2013 പ്രകാരം സ്ഥാപിച്ചുത്തരവാകുകയും ടി കോടതി 27.01.2013 മുതൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ഇതു കൂടാതെ എല്ലാ ജില്ലാ ആസ്ഥാനങ്ങളിലും ഗർഭസ്ഥ ശിശുലിംഗ നിർണ്ണയ നിരോധന നിയമമനുസരിച്ചും സ്ത്രീകൾക്കെതിരെയുള്ള ഗാർഹികാതിക്രമ നിരോധന നിയമമനുസരിച്ചും ഓരോ പുതിയ മജിസ്ട്രേറ്റ് കോടതി തുടങ്ങണമെന്ന ഹൈക്കോടതി നിർദ്ദേശം സർക്കാരിനു സമർപ്പിക്കുകയുണ്ടായി. 19.01.2013-ൽ ബഹു.മുഖ്യമന്ത്രി ബഹു.ഹൈക്കോടതി ചീഫ് ജസ്റ്റീസുമായി നടത്തിയ ചർച്ചയിൽ ഈ വിഷയം വിശദമായി ചർച്ച ചെയ്യുകയുണ്ടായി. 14.11.2012-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ: 285/12/ആഭ്യന്തരം പ്രകാരം അനുവദിച്ച 24 മജിസ്ട്രേറ്റ് കോടതികളെ റീലൊക്കേറ്റ് ചെയ്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള കേസുകൾ കൈകാര്യം ചെയ്യാനുള്ള കോടതികളാക്കി മാറ്റാവുന്നതാണെന്ന് ഹൈക്കോടതി രജിസ്ട്രാർ ജനറൽ അറിയിക്കുകയും ഇതിനോട് ബഹു.ചീഫ് ജസ്റ്റീസ് യോജിക്കുകയും ചെയ്യുകയുണ്ടായി.

(മറുപുറം)

ആയതിനാൽ എല്ലാ ജില്ലകളിലും പ്രത്യേക കോടതികൾ സ്ഥാപിക്കണമെന്ന ഹൈക്കോടതിയുടെ നിർദ്ദേശം മാറ്റിവയ്ക്കുവാനും തീരുമാനിക്കുകയുണ്ടായി. അതാത് ജില്ലകളിൽ കെട്ടിക്കിടക്കുന്ന ഇത്തരം കേസുകളുടെ ആധിക്യം സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് പടിപടിയായി ഇത്തരം കോടതികൾ സ്ഥാപിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

| | |
|---|---|
| (സി) സംസ്ഥാനത്ത് നിലവിൽ ഇത്തരം എത്ര കേസുകളാണ് കെട്ടികിടക്കുന്നത്; വിശദമാക്കുമോ? | : (സി) സ്ത്രീപീഢനകേസുകളുമായി ബന്ധപ്പെട്ട 17371 കേസുകളാണ് സംസ്ഥാനത്ത് 31.01.2013 വരെ പെൻഡിംഗ് ഉള്ളത്. |

സെക്ഷൻ ഓഫീസർ